# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാവക്കാട് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)70/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 15/03/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാവക്കാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)70/24 തീയ്യതി: 15/03/2024

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 05-01-2024 | 16-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2024 | 16-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ബേബി പി. വി, ഓഡിറ്റ് ഓഫീസർ

സുധ ഇ. എൻ, അസി. ഓഡിറ്റ് ഓഫീസർ

ജോമോൻ ഇ. കെ, അസി. ഓഡിറ്റ് ഓഫീസർ

സുനിൽ പി. ബി, അസി. ഓഡിറ്റ് ഓഫീസർ

സുമ വി. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജ പ്രശാന്ത് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ബി. വിശ്വനാഥൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| റിഷ്മ പി.പി. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ജെസ്സി ടി. ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ജി. ഷർമ്മിള | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീജ പി.കെ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2022 | 31-03-2023 |
| അനിറോസ് ഇ.പി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| സക്കീർ ഹുസൈൻ വി.പി. | ഹെൽത്ത് ഓഫീസർ | 01-04-2022 | 11-09-2022 |
| ജെലീൽ എം. | ഹെൽത്ത് ഓഫീസർ | 12-09-2022 | 31-03-2023 |
| രാജതി കൃഷ്ണൻ ആർ.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ജിബിന എം.എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 30-11-2022 |
| ജോയ്നി ജേക്കബ് എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-12-2022 | 07-02-2023 |
| ഫൈസൽ എ. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 08-02-2023 | 31-03-2023 |
| നവ്യ രാമചന്ദ്രൻ | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ലളിത സി.എൻ. | പ്രൊജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| വിജി സി.ഡി. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| നാരായണൻ എം. | ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.യു.പി സ്കൂൾ, ബ്ലാങ്ങാട് | 01-04-2022 | 04-12-2022 |
| ബിന്ദു പി.കെ. | ഹെഡ്മിസ്ട്രസ് (ഇൻ-ചാർജ്ജ്), ജി.എച്ച്.എസ്.എസ്, മണത്തല | 05-12-2022 | 23-12-2022 |
| നാരായണൻ എം. | ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ്, മണത്തല | 24-12-2022 | 02-01-2023 |
| ബിന്ദു പി.കെ. | ഹെഡ്മിസ്ട്രസ് | 03-01-2023 | 23-02-2023 |
| നാരായണൻ എം. | ഹെഡ്മാസ്റ്റർ | 24-02-2023 | 31-03-2023 |
| ലളിത സി.എൻ. | പ്രൊജക്റ്റ് ഓഫീസർ, യു.പി.എ | 15-09-2022 | 31-03-2023 |
| ശ്രീവിദ്യ എസ് | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 07-06-2022 |
| സുഹാന എ.ഐ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-06-2022 | 07-07-2022 |
| നൗഫിറ പി.കെ. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-07-2022 | 05-12-2022 |

| | | | |
|---|---|---|---|
| സുഹാന എ.ഐ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-12-2022 | 03-01-2023 |
| സിന്ധു പി.വി. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-01-2023 | 31-03-2023 |
| ബിജു അയ്യപ്പൻ* | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 14-09-2022 |

*15.09.2022 മുതൽ എസ്.സി.ഡി.ഒ-യുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ചുമതല പ്രോജക്ട് ഓഫീസർ യു.പി.എ.യ്ക്ക് കൈമാറുകയും എസ്.സി.ഡി.ഒ-യുടെ തസ്തിക മുനിസിപ്പാലിറ്റിയിൽ സർക്കാർ ഉത്തരവുപ്രകാരം നിർത്തലാക്കുകയും ചെയ്തു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തു നികുതി-സഞ്ചയ ഡി.സി.ബി പത്രിക ലഭ്യമാക്കിയിട്ടില്ല,തയ്യാറാക്കിയ ഡി.സി.ബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | ലൈബ്രറി സെസ്സ്-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | മുൻകൂർ രജിസ്റ്റർ അപൂർണ്ണം | 1-1-7 |
| 9 | ഡിപ്രിസിയേഷൻ അപാകതകൾ | 1-1-8 |
| 10 | ബാധ്യതാ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-11 |
| 13 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു | 1-1-14 |
| 16 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-15 |
| 17 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | ഫണ്ട് വിനിയോഗം | 1-3 |
| 20 | പദ്ധതി അവലോകനം | 1-4 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 22 | ക്ഷേമ പദ്ധതികൾ | 1-6 |
| 23 | ക്യാഷ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ–അവലോകനം | 1-9 |
| 26 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 27 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 28 | വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിക്കാൻ സാധിച്ചില്ല | 1-12 |
| 29 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതിച്ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-13 |
| 30 | ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കേണ്ടതാണ് | 1-14 |
| 31 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-15 |
| 32 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ് | 1-16 |
| 33 | തൊഴിൽ നികുതി(ട്രേഡേഴ്സ്), വ്യാപാര ലൈസൻസ് ഫീസ് എന്നിവ അടവാക്കിയ കച്ചവടസ്ഥാപനങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു | 1-17 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 35 | കടമുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-19 |
| 36 | കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു-ലേലനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 37 | കുത്തകലേലം-അപാകങ്ങൾ | 1-21 |
| 38 | ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 39 | ബസ് സ്റ്റാൻഡ് ടെർമിലിനകത്തെ പരസ്യപ്രദർശനം - അപാകങ്ങൾ | 1-23 |
| 40 | മൊബൈൽ ടവർ നിർമ്മാണപെർമ്മിറ്റ് അപാകങ്ങൾ | 1-24 |
| 41 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-25 |
| 42 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. | 1-26 |
| 43 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-27 |
| 44 | വാഹന പരിപാലനം അപാകതകൾ | 1-28 |
| 45 | വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-29 |
| 46 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-30 |
| 47 | അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കിയില്ല | 1-31 |
| 48 | വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം | 1-32 |
| 49 | കിഫ്ബി പ്രവൃത്തികളുടെ ഡിപിആർ തയ്യാറാക്കൽ–കൺസൾട്ടൻസി ഫീ നല്കിയതിലെ അപാകത | 1-33 |
| 50 | നഗരസഭയിലേയ്ക്ക് പുതിയ വാഹനം വാങ്ങിയതിന്റെ ഇൻഷ്വറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-34 |
| 51 | പട്ടികജാതി വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണം | 1-35 |
| 52 | കെട്ടിടത്തിന്റെ കാലപഴക്കം കാണിക്കുന്ന രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-35-1 |
| 53 | മുൻകൂർ കൈപ്പറ്റി നാളുകളേറെയായിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-35-2 |
| 54 | സാക്ഷരത തുല്യത പഠനസഹായം - പഠിതാക്കൾ ക്ലാസിൽ ഹാജരായതിന്റെയോ, പരീക്ഷ എഴുതിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-36 |
| 55 | ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ചതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-37 |
| 56 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി - ധനസഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൽ ലഭ്യമാക്കേണ്ടതാണ് | 1-38 |
| 57 | ലൈഫ് പിഎംഎവൈ-ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താവായ ശ്രീമതി ലത കരിക്കാട്ട് എന്നവരിൽ നിന്നും തുക തിരികെ ഈടാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-39 |
| 58 | ലൈഫ് ഭൂരഹിതർക്ക് ഭൂമിവാങ്ങുന്നതിന് ധനസഹായം - നഞ്ച തരത്തിലുൾപ്പെട്ട ഭൂമി വാങ്ങി നല്കി | 1-40 |
| 59 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-41 |
| 60 | നഗരസഭ -വായനശാലകളിലേയ്ക്ക് ഫർണീച്ചർ - നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല | 1-42 |
| 61 | പട്ടികജാതി വിഭാഗക്കാർക്ക് സൗജന്യ കുടിവെള്ള കണക്ഷൻ -ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-43 |
| 62 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ–മരണപ്പെട്ടവരെ ഒഴിവാക്കാനുള്ള നടപടികൾ അറിയിക്കേണ്ടതാണ് | 1-44 |
| 63 | മഴക്കാലപൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-45 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.07.2023 തീയതിയിലെ 10-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 15.03.2024**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 വസ്തു നികുതി-സഞ്ചയ ഡി.സി.ബി പത്രിക ലഭ്യമാക്കിയിട്ടില്ല,തയ്യാറാക്കിയ ഡി.സി.ബി പത്രിക

**വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ലഭ്യമാക്കിയില്ല. വസ്തു നികുതിയുടെ ഒരു ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 2339270 | 18508511 | 4594392 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2339270 | 16972202 | 6326380 |

**കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 14992834 | 7212162 | 7780672 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 159414458 | 6595154 | 9346305 |

2. 31.03.2023 തീയതിയിലെ വസ്തുനികുതിയുടെ സഞ്ചയയിലെ DCB പത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക) എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities”എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായി 57259/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

**1-1-2 ലൈബ്രറി സെസ്സ്-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 16456319/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt. Levies In Property Tax”എന്ന ശീർഷകത്തിൽ വരേണ്ട തുക 783634.24/- (16456319 /105*5) രൂപയാണ്. എന്നാൽ ഈ ശീർഷകത്തിൽ 783396.69/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-1-3 രജിസ്റ്ററുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54 (3) (എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. FACTEAOS ഡിമാന്റ് രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

9. ക്രിമറ്റോറിയം രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

10. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ (വർഷാന്ത്യത്തിലും DCB തയ്യാറാക്കിയിട്ടില്ല)

11. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

## 1-1-4 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

## 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ പ്രകാരം വിവിധയിനത്തിലുള്ള ഡെപ്പോസിറ്റുകളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-1-7 മുൻകൂർ രജിസ്റ്റർ അപൂർണ്ണം

നിലവിൽ ഫെസ്റ്റിവൽ അഡ്വാൻസ്, മിസല്ലേനിയസ് അഡ്വാൻസ് എന്നിവയ്ക്കു മാത്രമാണ് മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പട്ട 'Advance To Implementing Agencies, Advance To Others, Standing Advance എന്നിവ മുൻകൂർ രജിസ്റ്ററിൽ ഉൾപ്പട്ടത്തിയിട്ടില്ല. മുൻകൂർ രജിസ്റ്ററിൽ മുഴുവൻ മുൻകൂറുകളും ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-8 ഡിപ്രിസിയേഷൻ അപാകതകൾ

1. 2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 28095989/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ശീർഷകത്തിന്റെ ഷെഡ്യൂൾ വാർഷിക കണക്കിൽ ലഭ്യമല്ല.

2. 31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800200, 410800200-Other Fixed Assets എന്ന ആസ്തികൾക്ക് 8861127 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation (15183424686) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ്

കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-9 ബാധ്യതാ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി**

2022-23 വർഷം ഹെൽത്ത് ക്ലബ്ബ് വരവായി ലഭിച്ച 231400 രൂപ RP-24 ലെ 320801000-'Beneficiary Contribution', RP-23 ലെ 312100100-'Beneficiary Contribution (Utilised)' എന്നീ ബാധ്യതാ ശീർഷകങ്ങളിലാണ് വരവ് വെച്ചിട്ടുള്ളത്. (ലെഡ്ജർ പരിശോധനയിൽ Beneficiary Contribution (Utilised) എന്ന ഹെഡ്ഡിലെ തുക Beneficiary Contribution' എന്ന ഹെഡ്ഡിലേക്ക് ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുണ്ട്). ഹെൽത്ത് ക്ലബ്ബ് വരവ് തുകകൾ വരും വർഷത്തിൽ ഉചിതമായ വരവ് ശീർഷകത്തിൽ ചേർക്കേണ്ടതാണ്.

**1-1-10 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് 8000000 രൂപയും ചെലവ് 10148489 രൂപയുമാണ്. വാർഷിക കണക്ക് പ്രകാരം വരവ് 7988131/- (RP-27 ഷെഡ്യൂൾ, ശീർഷകം 340800100-Other Grants & Contributions For Specific Purpose) രൂപയും ചെലവ് 10135687/- (I-14 ഷെഡ്യൂൾ, ശീർഷകം 250200100-Expenditure On Poverty Eradication Programme) രൂപയുമാണ്. ചെലവുകളുടെ ശീർഷകം മാറിപ്പോയതിനാലാണ് ചെലവ് തുക വ്യത്യാസപ്പെടാൻ കാരണമായതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 22 തീ.12.01.2024) മറുപടി നൽകിയിട്ടുണ്ട്.

**1-1-11 വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല**

RP-5 പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ വരവുണ്ട്. എന്നാൽ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | വരവ് തുക |
|---|---|---|
| 1 | 150100500–Sale Of Sand | 18259 |
| 2 | 150100600–Sale Of Manure | 68280 |
| 3 | 150100500–Sale Of Other Products | 27420 |
| 4 | 150100500–Sale Of Tender Forms | 161557 |
| 5 | 150100500–Sale Of Forms(Others) | 21373 |
| 6 | 150100500–Sale Of Scrap | 41149 |

**1-1-12 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല**

1. RP-6 പ്രകാരമുള്ള താഴെപ്പറയുന്ന ഗ്രാന്റുകളുടെ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം |
|---|---|
| 1 | 160101200 – Library Grants |
| 2 | 160200100- Re-Imbursement Of Expenses |

2. RP-24 പ്രകാരമുള്ള ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-13 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല**

CFC Untied Basic Grant, CFC Tied Grant എന്നീ ഫണ്ടുകളിൽ നിന്നും മൂലധന ച്ചെലവുകൾക്ക് ഉപയോഗിച്ച തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇതുമൂലം മൂലധന ച്ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നതിനും ഇടയാക്കി. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത | ഫണ്ടിനം |
|---|---|---|---|---|---|

| | | | | ശീർഷകം | |
|---|---|---|---|---|---|
| 1 | 155/22 കളരിപ്പറമ്പ് കൾവർട്ട് നിർമ്മാണം | 22201398/ 01.03.2023 | 168959 | 410310200-Culverts | Development Fund-CFC Tied Grant |
| 2 | 86/23-പുത്തൻ കടപ്പുറം തീരദേശ ബൈലൈൻറോഡ് കാന,കലുങ്ക് നിർമ്മാണം | 22201400/ 23.03.2023 | 182960 | 410310200-Culverts | |
| 3 | 163/23 ഗുരുദേവ റോഡ് കാനനിർമ്മാണം | 22201408/ 23.03.2023 | 335961 | 410310200-Drainage | |
| 4 | 316/ 23 പുനരർപ്പണം റോഡ് കാനനിർമ്മാണം | 22201414/ 23.03.2023 | 546234 | 410310200-Drainage | |
| 5 | 213/ 23 പച്ചക്കറിമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 22201457/ 29.03.2023 | 775575 | 410200111-Market Buildings | Development Fund- -CFC Basic Grant |
| 6 | 244/23 Purchase Of UPS | 22201468/ 29.03.2023 | 239896 | 410600100-Office & Other Equipments - Municipality | |
| 7 | 244/23-Purchase Of Printer | 22201507/ 30.03.2023 | 97510 | 410600100-Office & Other Equipments - Municipality | |
| 8 | 244/23 Purchase Of Webcam | 22201508/ 26.03.2023 | 5104 | 410600100-Office & Other Equipments - Municipality | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution...." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-14 ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500*** – Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്/ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്/ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | തിയതി | തുക (₹) | ചെലവ് ശീർഷകം | ഫണ്ട് വിവരം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|---|---|
| 1 | 270/23 | സൗരോർജ്ജ പാനൽ സ്ഥാപിക്കൽ | 42201134 | 23.03.23 | 1193500 | 350100303-Contractors Control Account Special Fund | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | അനർട്ട് |
| 2 | 235/23 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 22201459 | 29.03.23 | 2514250 | 251630101-Electricity Line Extension - General | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി. |
| 3 | 235/23 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 22201509 | 30.03.23 | 336300 | 350100303-Contractors Control Account Special Fund | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി. |
| 4 | 235/23 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 22201524 | 30.03.23 | 96930 | 350100303-Contractors Control Account Special Fund | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി. |
| 5 | 363/23 | ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അഡ്വാൻസ് നൽകൽ | 22201404 | 23.03.23 | 118000 | 250501609-Wells And Water Supply | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിറ്റി |
| 6 | 12/23 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 22201484 | 22.02.23 | 350000 | 250500800-Programmes/ Expenditures OfTransferred Institutions-Homeopathy | മെയിന്റനൻസ് ഫണ്ട് റോഡിതരം | ഹോംകോ |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ചെലവ്/ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-15 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രൊജക്റ്റുകളിൽ 31/3/2023 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 22017306/- രൂപയാണ്. എന്നാൽ 31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 3911125/- രൂപയാണ്. പാർട്ട് ബിൽ നൽകിയതായി ഓഡിറ്റ് പരിശോധനയിൽ കണ്ട പല പ്രൊജക്റ്റുകളും ലെഡ്ജറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

**A) പ്രൊജക്റ്റ് നമ്പർ 101/2023**

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 1906657/-

**B) പ്രൊജക്റ്റ് നമ്പർ 104/2023**

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 573000/-

**C) പ്രൊജക്റ്റ് നമ്പർ 115/2023**

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 231000/-

2023-24 വർഷത്തിൽ പാർട്ട് ബിൽ നൽകിയതും എന്നാൽ പണി പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ പൂർണ്ണമായും Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-16 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. വിവരം താഴെ ചേർക്കുന്നു.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് |
|---|---|---|
| Development Fund General | 45843725 | 40068760(RP-6,160100101-Development Fund General) |
| Central Finance Commision Grant | 29267174 | 29271221((RP-6,160100108-Development Fund CFC Performance Grant, 320200111-Development Fund CFC Grant Tied Ledger 320200112-Development Fund CFC Grant UnTied Ledger) |

## 1-2 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26.03.2022 | 1 | 93,86,20,620 | 96,97,40,554 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 14.03.2023 | 1 | 41,05,78,306 | 40,73,55,400 |

## 1-3 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരുപ്പ്/ **ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 51744330 | 51744330 | 40068760 | **11675570 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 6496000 | 6496000 | 4229596 | **2266404 |
| മെയിന്റനൻസ്, റോഡ് | | 0 | 19286000 | 19286000 | 14769708 | **4516292 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 15395000 | 15395000 | 14937791 | **457209 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | ട്രഷറി | 0 | 3979388 | 3979388 | 1911418 | **2067970 |
| | ബാങ്ക് | 12895522 | 12609500 | 25505022 | 18474481 | *7030541 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | ട്രഷറി | 0 | 24952 | 24952 | 0 | **24952 |
| | ബാങ്ക് | 102466 | 8782856 | 8885322 | 8885322 | 0 |

1. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-UnTied) എന്നിവയുടെ വരവിൽ ബാങ്ക് പലിശ ഉൾപ്പെട്ടിട്ടില്ല. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക, ബാങ്ക് പലിശ എന്നിവ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.
2. വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-SCP, മെയിന്റനൻസ് ഫണ്ട് റോഡ്, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ആകെ ചെലവിൽ 2022-23 വർഷം “ക്യൂ ബിൽ” ആയ തുകകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ വാർഷികകണക്ക് പ്രകാരമുള്ള യഥാർത്ഥ ചെലവാണ് മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 301 | 318225131 | 209 | 116257111 | 36.53 | 69.43 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരുപ്പ്/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | **ലാപ്സായ തുക |
| ഭരണചെലവുകൾ + ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 2151811 | 8000000 + 13840 | 10165651 | 602560<br>9490210<br>55719.06 | *792.94 + **16369 (ട്രഷറി നീക്കിയിരിപ്പ്) |
| ആകെ | 2151811 | 8013840 | 10165651 | 10148489.06 | 17161.94 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ടി വിവരം ഖ 1-1-10 ൽ അന്യത്ര പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 373800 | 230 |
| വിധവാപെൻഷൻ | 19838800 | 12395 |
| വാർദ്ധക്യകാല പെൻഷൻ | 38020600 | 23760 |
| വികലാംഗപെൻഷൻ | 4539000 | 2835 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1625000 | 1012 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 750000 | 25 |
| മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2024 തീയതിയിൽ 3.00 PM ന് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42977/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ചാവക്കാട് മുനിസിപ്പാലിറ്റിയുടെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് പരിശോധന നടത്തിയതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്. നഗരസഭയിൽ വസ്തു നികുതി പിരിവ് ഊർജ്ജപ്പെടുത്തുന്നതിന് വേണ്ടി മൈക്ക് അനൗൺസ്മെന്റ് നടത്തിയത് സംബന്ധിച്ച് 26.05.2022 ലെ തീരുമാനം നം. 21 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങളാണ് മുനിസിപ്പാലിറ്റി സ്വീകരിച്ച് വരുന്നത് എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ നികുതി വിഭാഗം ജീവനക്കാരുടെ യോഗം ചേരുകയും നികുതി പിരിവ് അവലോകനം നടത്തുകയും ചെയ്യാറുണ്ട്.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നിലവിൽ നടത്തി വരുന്നില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി | 22333741 | 23339270 | 4.5 | 554 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ, ട്രേഡേഴ്സ് | 1995190 | 2045190 | 2.5 | |
| തൊഴിൽ നികുതി - ജീവനക്കാർ | 4505950 | 4545835 | 0.88 | |
| വാടകയിനത്തിലുള്ള മുനിസിപ്പാലിറ്റിയുടെ വരവുകൾ | 6897752 | 7793988 | 12.99 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് നഗരസഭ തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണ്ണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

തനതു വരുമാനത്തിന്റെ ഡിമാന്റ് തുകയുടെ 90% കളക്ഷൻ സാധ്യമാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2022-23 വർഷം മുതൽ ലഭിക്കേണ്ടുന്ന വികസനഫണ്ട് (ജനറൽ) നിന്നും അലോട്ട്മെന്റ് തുകയുടെ 1% കുറവു ചെയ്ത തുക മാത്രമേ നല്കുന്നുള്ളൂ എന്ന് ജി.ഒ(എംഎസ്)നം179/2022/ഫിൻ./18.10.2022 എന്ന ഉത്തരവിൽ ഉള്ളതു പ്രകാരം 2022-23 വർഷത്തെ ചാവക്കാട് നഗരസഭയ്ക്ക് ലഭിക്കേണ്ട വികസനഫണ്ട് (ജനറൽ) നിന്നും 522670/- രൂപ കുറവ് ചെയ്തിട്ടാണ് 2022-23 വർഷത്തിൽ ലഭ്യമായിട്ടുള്ളത്. 90% കളക്ഷൻ സാധ്യമാക്കാൻ നഗരസഭ യതിക്കേണ്ടതാണ്.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 22.06.2023 ലെ മുനിസിപ്പാലിറ്റി കൗൺസിലിന്റെ 16-ാം നമ്പർ തീരുമാനപ്രകാരം അടിസ്ഥാന നിരക്ക് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

01.04.2024 മുതൽ നഗരസഭകൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നതിനാൽ വസ്തുനികുതി പരിശോധിക്കുന്നതിന് ഓഡിറ്റ് കാലയളവിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ സാധിച്ചില്ല. സഞ്ചയ സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യാൻ സാധിക്കാത്തതിനാൽ വസ്തുനികുതി സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ ഉള്ള വസ്തുതകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്നും വസ്തുനികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കി വരുന്നതെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധിക്കുകയും ആയതിനെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ നിർവഹിക്കുന്നതിന് എൻജിനീയറിങ് വിഭാഗത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ഓഡിറ്റ് എൻക്വയറി നം.6/10.01.22)

സേവന ഉപനികുതി

മുനിസിപ്പാലിറ്റി നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം-3%, ശുചിത്വ പരിപാലനം-4%, തെരുവുവിളക്കുകൾ-2%, ഡ്രൈനേജ്-1%) 10% ചുമത്തുകയും ആയത് പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. നഗരസഭ പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ BSNL-ൽ നിന്നും നിലവിൽ സർവ്വീസ് ചാർജ് ഈടാക്കുന്നില്ല.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

വിനോദനികുതി

മുനിസിപ്പാലിറ്റി പരിധിയിൽ 2 ടർഫ് കോർട്ട്, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയുണ്ട്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടില്ല.

ഈ ഇനങ്ങളിൽ മുനിസിപ്പാലിറ്റിക്ക് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭപ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല അതിനാൽ നഗരസഭയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല.

ലേലം, വാടക, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം തുടങ്ങിയവ

കടമുറികളുടെ ലേലം/പുനർലേലം നടക്കുന്നുണ്ടെങ്കിലും പല കടമുറികളും ലേലത്തിൽ ചെയ്യാൻ സാധിക്കുന്നില്ല. ലേലത്തിൽ ആരും പങ്കെടുക്കാത്തതിന്റെ കാരണം നഗരസഭ കൗൺസിലിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

നഗരസഭയ്ക്ക് നിഷ്ക്രിയ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

**1-10 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ

മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ് (കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , വകുപ്പ് 245).
2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|---|
| 1 | 7 | ശ്രീകൃഷ്ണ പെട്രോൾ പമ്പ് | ഒന്ന്, രണ്ട് |
| 2 | 7 | മോട്ടോവേൾഡ് | ഒന്ന് |
| 3 | 12 | ചിദംബരനാഥൻ നെറ്റ് വർക്ക്സ് | രണ്ട് |
| 4 | 13 | റെയിൻബോ ജീവാലയം | ഒന്ന് |
| 5 | 15 | പ്രൊ.ടി.വി.എസ്. | ഒന്ന്, രണ്ട് |
| 6 | 15 | പ്രൊ. പയനീയർ ട്യൂഷൻ സെന്റർ | ഒന്ന്, രണ്ട് |
| 7 | 15 | ബ്യൂട്ടി സിൽക്ക്സ് | രണ്ട് |
| 8 | 15 | സിറ്റി സൂപ്പർമാർക്കറ്റ് | രണ്ട് |
| 9 | 15 | വ്യാപാരി വ്യവസായി ഏകോപന സമിതി | ഒന്ന് |
| 10 | 15 | മാനേജർ, TDCB | രണ്ട് |
| 11 | 15 | അക്ബർ അക്കാദമി | ഒന്ന് |
| 12 | 15 | ഗെയിൻ അക്കാദമി | ഒന്ന്, രണ്ട് |
| 13 | 15 | പ്രതിജ്ഞ ഡ്രൈവിംഗ് സ്കൂൾ | ഒന്ന്, രണ്ട് |
| 14 | 15 | ഖാദി വില്ലേജ് ഇൻഡസ്ട്രീസ് | രണ്ട് |
| 15 | 15 | ജി ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | ഒന്ന്, രണ്ട് |
| 16 | 15 | പ്രവാസി ക്ഷേമനിധി ഓഫീസ് | ഒന്ന്, രണ്ട് |
| 17 | 15 | ഷെൽട്ടർ ഫിനാൻസ് ലിമിറ്റഡ് | ഒന്ന് |
| 18 | 16 | കഫേശ്രീ റസ്റ്റോറന്റ് | ഒന്ന്, രണ്ട് |
| 19 | 16 | ചാവക്കാട് ഗവൺമെന്റ് സർവൻസ് സഹകരണ സംഘം | രണ്ട് |
| 20 | 16 | പ്രൊ.ഏഷ്യൻ സൂപ്പർമാർക്കറ്റ് | ഒന്ന്, രണ്ട് |
| 21 | 16 | അൽഹിന്ദ് അക്കാദമി, ബീച്ച് റോഡ് | ഒന്ന്, രണ്ട് |
| 22 | 16 | സൽക്കാര ഹോട്ടൽ | ഒന്ന്, രണ്ട് |
| 23 | 16 | മണപ്പുറം ഫിനാൻസ് | ഒന്ന് |

| | | | |
|---|---|---|---|
| 24 | 16 | മെട്രോ കോസ്മെറ്റിക്സ് ക്ലിനിക്ക് | ഒന്ന്, രണ്ട് |
| 25 | 16 | പ്രിൻസിപ്പാൾ, ഐ.എസ്.ആർ അക്കാദമി | ഒന്ന്, രണ്ട് |
| 26 | 16 | പ്രൊ.വിന്നേഴ്സ് കോളേജ് | ഒന്ന്, രണ്ട് |
| 27 | 16 | മിനി മാർജിൻ മെഡിക്കൽസ് | രണ്ട് |
| 28 | 16 | അക്ഷയ സെന്റർ | ഒന്ന് |
| 29 | 16 | മഹാരാജ ടെക്സ്റ്റൈൽസ് | ഒന്ന്, രണ്ട് |
| 30 | 16 | മഹാരാജ ലെതർ | ഒന്ന്, രണ്ട് |
| 31 | 16 | ഹമീഷ ടെക്സ്റ്റൈൽസ് | ഒന്ന്, രണ്ട് |
| 32 | 16 | പ്രൊ.ഓക്സ്ഫോർഡ് അക്കാദമി | ഒന്ന്, രണ്ട് |
| 33 | 16 | പ്ലാനറ്റ് ഫാഷൻ | രണ്ട് |
| 34 | | ഷാനവാസ് ക്ലിക് ടൈലറിംഗ് | ഒന്ന്, രണ്ട് |
| 35 | 16 | ഫാഷൻവേൾഡ്, കാജ കോംപ്ലക്സ് | ഒന്ന് |
| 36 | 16 | ന്യൂ കേരള ഗിഫ്റ്റ് ഹൗസ് | ഒന്ന് |
| 37 | 16 | വന്ദന ടെക്സ്റ്റൈൽസ് | ഒന്ന്, രണ്ട് |
| 38 | 16 | സിറ്റി യൂണിയൻ ബാങ്ക് | രണ്ട് |
| 39 | 16 | സത്യനിധി ലിമിറ്റഡ് | രണ്ട് |
| 40 | 16 | പ്രവാസി മലയാളം ബെനഫിറ്റ് | ഒന്ന്, രണ്ട് |
| 41 | 16 | ചെമ്മണ്ണൂർ വന്ദന സിൽക്സ് | ഒന്ന്, രണ്ട് |
| 42 | 16 | പീപ്പിൾസ് കളക്ഷൻസ് | ഒന്ന്, രണ്ട് |
| 43 | 17 | മഹാലക്ഷ്മി ക്ലിനിക്ക് | രണ്ട് |
| 44 | 17 | ഭാരത് മെഡിക്കൽസ് | ഒന്ന്, രണ്ട് |
| 45 | 19 | മാബേബി കിഡ്സ്വെയർ & ടോയ്സ് | ഒന്ന്, രണ്ട് |
| 46 | 19 | മാനേജർ, പെട്രോൾ പമ്പ് | ഒന്ന്, രണ്ട് |
| 47 | 20 | പറമ്പൻസ് ഹോട്ടൽ | ഒന്ന് |
| 48 | 25 | SC/ST ഡെവലപ്പമെന്റ് ഓഫീസ്, മണത്തല ബ്ലോക്ക് ഓഫീസ് | രണ്ട് |
| 49 | 25 | സീനിയർ വെറ്ററിനറി ഹോസ്പ്പിറ്റൽ | രണ്ട് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/11.01.2024)

**1-11 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

2022-23 വർഷം മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സി. പി വിനോദ് കുമാർ
2. പി നന്ദകുമാർ
3. കെ. സി ബിജു
4. ഇ. എം വിപിൻദാസ്
5. നിവിൻ കെ. ഡി
6. ആശിഷ കാസിം
7. സുജിത് എ. കെ
8. പോൾസൺ എം. ഐ
9. സി. വി ശശികുമാർ
10. മുഹ്സിൻ മുഹമ്മദ് (ഒന്നാം അർദ്ധവർഷം അടവാക്കിയിട്ടില്ല)
11. പി അനിൽകുമാർ
12. സി. എം ബിജു
13. പി. ജി പുഷ്പാകരൻ
14. മുഹമ്മദ് ഫൈസൽ
15. പി. എ കാസിം

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.07/10.01.2024)

## 1-12 വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിക്കാൻ സാധിച്ചില്ല

01.04.2024 മുതൽ നഗരസഭകൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നതിനാൽ വസ്തുനികുതി പരിശോധിക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/10.01.2024) മേൽ പ്രശ്നം പരിഹരിക്കുവാൻ ടെക്നിക്കൽ അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യാൻ സാധിക്കാത്തതിനാൽ വസ്തുനികുതി സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ ഉള്ള വസ്തുതകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2022-23 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം, അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, വസ്തുനികുതി ഇളവ് ചെയ്ത് കൊടുത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ മുതലായവ സഞ്ചയയിൽ (കെ-സ്മാർട്ടിൽ) പരിശോധിക്കുവാൻ ഈ ഓഡിറ്റ് കാലയളവിൽ സാധിച്ചില്ല.
വാർഡ് തലത്തിൽ എഴുതി തയ്യാറാക്കിയ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചു. എങ്കിലും ഡിമാന്റ് ഉത്ഭവിക്കുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയായതിനാൽ പൂർണ്ണമായ പരിശോധന സാധ്യമായില്ല.
(ഓഡിറ്റ് എൻക്വയറി നം. 06/10.01.2024)

## 1-13 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതിച്ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ചാവക്കാട് നഗരസഭയിൽ മേൽ ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.46/16.01.2024)

### 1-14 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കേണ്ടതാണ്

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാല സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala Decentralisation Of Powers Act, 2000 പ്രകാരം ഗ്രന്ഥശാല സംഘം ആക്ടിലെ വകുപ്പ് 48(1) ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതാണ്. സെക്രട്ടറിയും ചെയർപേഴ്സണും അത്തരത്തിലുള്ള കാലതാമസത്തിന് ബാധ്യസ്ഥരായിരിക്കുന്നതാണ്. സർക്കുലർ നം. 17263/l3/ത.സ്വ.ഭ.വ തീയതി 29.12.2000 പ്രകാരം ഓരോ അർദ്ധവർഷം കഴിഞ്ഞും 30 ദിവസത്തിനുള്ളിൽ തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ലൈബ്രറി സെസ്സ് 1180401/- രൂപ പിരിച്ചെടുക്കുകയും 696879/- രൂപ മാത്രം അടവാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 ശീർഷകം 350300100 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 2613680.75 രൂപ അടവാക്കാൻ അവശേഷിക്കുന്നു. പിരിച്ചെടുത്ത ലൈബ്രറി സെസ് തുക നിയമാനുസൃതം സമയബന്ധിതമായി അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/15.01.2024) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭയിൽ 10 മൊബൈൽ ടവറുകൾ ഉള്ളതിൽ 2022-23 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | XX/ 276 | വയർലെസ് റ്റി റ്റി ഇൻഫോ സർവ്വീസ് ലിമിറ്റഡ് (ഭൂമി ഉടമസ്ഥന്റെ പേര് – വേലുണ്ണി കണ്ണച്ചംപുരയ്ക്കൽ വീട്, ചാവക്കാട്) | 13800/- | 1,92,720/ - |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് ഇല്ലാതെ നഗരസഭയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തെ വ്യാപാര ലൈസൻസ് (IFTE & OS) ഫീസ് അടവാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപന ഉടമ – സ്ഥാപനം |
|---|---|---|
| 1 | XVI/1482 | ഷമീർ – ഫ്രൂട്സ് ഷോപ്പ് |
| 2 | XII/74 | റിനി വിൻസൺ – ഗ്രോസറി |
| 3 | XII/124 | ഷാഹുൽഹമീദ് – ഷോപ്പ് |
| 4 | XIV/38 B, C | ഹൈദ്രു ബാപ്പുട്ടി – ഹൈസൺ മോട്ടോഴ്സ് |
| 5 | XV/26 | ഡോ. ശ്രീജിത്ത് ശ്രീനിവാസൻ - മാമ മൂ ഡയറി ആൻഡ് ഡിസ്ട്രിബ്യൂഷൻ |
| 6 | XV/109 | ഇബ്രാഹിംകുട്ടി – അലോപ്പതി മെഡിസിൻ (എസ് ജി പെർഫെക്ട് മെഡിക്കൽസ്) |
| 7 | XV/561 | മനോജ് സി ജെ – സ്റ്റേഷനറി |

| | | |
|---|---|---|
| 8 | XV/595D | മുഹമ്മദ് കുഞ്ഞി – ഗോൾഡ് കവറിംഗ് |
| 9 | XV/595G | അബ്ദുൽ ഷെരീഫ് – കോസ്മെറ്റിക് ഐറ്റംസ് ബ്യൂട്ടി സ്റ്റോർ |
| 10 | I/88 | മോഹിനി വാസുദേവൻ – ടൈലറിംഗ് & റെഡിമേയ്ഡ്സ് |
| 11 | I/89 | രാജി സി എം – ഗ്രോസറി |
| 12 | II/149 | ജനാർദ്ദനൻ ആലുങ്കൽ – ഗ്രോസറി |
| 13 | XX/210 | സുനിൽകുമാർ എ വി – ബേക്കറി |
| 14 | XXI/202 | ഷൈലജ രവീന്ദ്രൻ ടൈലറിംഗ് ഷോപ്പ് |
| 15 | XXI/252A | മുഹസിർ ചാഴീടകത്ത് – റസ്റ്റോറന്റ് |
| 16 | XXII/226A | ഹാരിസ് സി എസ് – സ്റ്റുഡിയോ |
| 17 | XXIII/25 | മണികണ്ഠൻ – കൂൾ ഡ്രിങ്ക്സ് |
| 18 | XXVIII/4C | മുഹമ്മദ് ജിഷാദ് – ചിക്കൻ ഷോപ്പ് |
| 19 | XXVIII/133 | ഹൈഡ്രോസ് – സ്റ്റേഷനറി |
| 20 | XXVIII/176 | സയ്യിദ് മുഹമ്മദ് – സിമന്റ് ട്രേഡിങ് |

വ്യാപാര ലൈസൻസ് (IFTE & OS) ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നഗരസഭയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് നഗരസഭയിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ വരുമാനവർദ്ധനവിനും സഹായകമാകുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം.33/15.01.2024)

## 1-17 തൊഴിൽ നികുതി(ട്രേഡേഴ്സ്), വ്യാപാര ലൈസൻസ് ഫീസ് എന്നിവ അടവാക്കിയ കച്ചവടസ്ഥാപനങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നു

തൊഴിൽ നികുതി (ട്രേഡേഴ്സ്), വ്യാപാര ലൈസൻസ് (IFTE&OS) എന്നിവയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 32 വാർഡുകളിൽ നിന്നും തൊഴിൽ നികുതി (ട്രേഡേഴ്സ്), വ്യാപാര ലൈസൻസ് ഫീസ് എന്നിവ അടവാക്കിയ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിട്ടുണ്ട്.

| | തൊഴിൽ നികുതി (ട്രേഡേഴ്സ്) ഫീസ് അടവാക്കിയ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് (IFTE&OS) ഫീസ് അടവാക്കിയ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| I | 20 | 15 |
| II | 18 | 9 |
| III | 16 | 10 |
| IV | 8 | 4 |
| V | 18 | 5 |
| VI | 14 | 10 |
| VII | 90 | 59 |
| VIII | 64 | 39 |
| IX | 77 | 63 |
| X | 44 | 37 |

| | | |
|---|---|---|
| XI | 5 | 4 |
| XII | 29 | 18 |
| XIII | 4 | 4 |
| XIV | 30 | 19 |
| XV | 268 | 183 |
| XVI | 734 | 332 |
| XVII | 98 | 68 |
| XVIII | 36 | 22 |
| XIX | 25 | 31 |
| XX | 64 | 35 |
| XXI | 24 | 19 |
| XXII | 49 | 33 |
| XXIII | 66 | 28 |
| XXIV | 18 | 8 |
| XXV | 6 | 5 |
| XXVI | 21 | 10 |
| XXVII | 9 | 10 |
| XXVIII | 24 | 16 |
| XXIX | 8 | 2 |
| XXX | 32 | 19 |
| XXXI | 34 | 35 |
| XXXII | 16 | 10 |

തൊഴിൽ നികുതി, വ്യാപാര ലൈസൻസ് ഫീസ് എന്നിവ അടവാക്കിയ കച്ചവട സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിന്റെ കാരണം പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 37/15.01.2024)

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം (3) പ്രകാരം ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.
താഴെ കൊടുത്തിട്ടുള്ള സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ് നം./ കെട്ടിട നം. | പാരാമെഡിക്കൽ സ്ഥാപനം |
|---|---|
| XVI/1690/9 | ഡോ. അജ്മൽ ഫസലുദ്ദീൻ – ദന്തൽ ക്ലിനിക് |

പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.32/15.01.2024)

## 1-19 കടമുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വാടക രജിസ്റ്റർ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന കടമുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവർ 2022-23 വർഷത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കടമുറി വാടകയ്ക്കെടുത്ത വ്യക്തി | കെട്ടിട നം. | കുടിശ്ശിക തുക |
|---|---|---|---|
| പഴയ മുനിസിപ്പൽ ഓഫീസ് കെട്ടിടം | | | |
| 1 | പി എസ് ഫൈസൽ | XVI/60 (XXII/ 778) | 2925 |
| 2 | കെ.എം.ജയരാജ് | XVI/66 (XXII/ 782) | 14525 |
| 3 | കെ എം ജയരാജ് | XVI/70 (XXII/ 788) | 52260 |
| 4 | അഷ്റഫ് | XVI/89 (XXII/ 804) | 1552 |
| 5 | പി കെ മുഹമ്മദ് | XVI/84A(1) (XXII/812) | 6265 |
| വഞ്ചിക്കടവ് വ്യാപാര കേന്ദ്രം | | | |
| 6 | എം വി ഖാദർ മോൻ | XVI/206/3 | 19848 |
| 7 | ജോഷി പേരാമംഗലത്ത് | XVI/200 (XVI/206(4)) | 23376 |
| ഇറച്ചി സ്റ്റാളുകൾ | | | |
| 8 | ആൽഫിൻ റാഫേൽ | XVI/205B | 10000 |
| ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 9 | ഹക്കീം ആലുംപറമ്പിൽ | XV/551 | 5644 |
| 10 | അലിമോൻ പി വി | XV/553 | 7525 |
| 11 | അലിമോൻ പി വി | XV/554 | 6775 |
| 12 | അലിമോൻ പി വി | XV/555A | 4140 |
| ബസ് സ്റ്റാൻഡിൽ പുതുതായി നിർമ്മിച്ച സ്റ്റാളുകൾ | | | |
| 13 | ദിവ്യാ സേതുമാധവൻ | XV/560 | 5136 |
| പുളിച്ചിറക്കെട്ട് വ്യവസായ സമുച്ചയം | | | |
| 14 | കെ പി ധർമ്മേഷ് | XXV/204 | 15654 |
| ബ്ലാങ്ങാട് ഫിഷ് മാർക്കറ്റ് | | | |
| 15 | സുദർശനൻ | Stall No.7 | 52920 |

വാടക കുടിശ്ശിക ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 31/15.01.2024)

## 1-20 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു-ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെക്കൊടുത്തിട്ടുള്ള നഗരസഭയുടെ കടമുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായി വാടക രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

| കടമുറികൾ | |
|---|---|
| പഴയ മുനിസിപ്പൽ ഓഫീസ് കെട്ടിടം | XVI/69,73, 67 (XXII/789,790,791) |
| | XVI/93A (XXII/800) |
| | XVI/92 (XXII/801) |

| | |
|---|---|
| | XVI/91 (XXII/802) |
| | XVI/87 (XXII/806) |
| ബസ് സ്റ്റാൻഡ് കിഴക്ക് ഭാഗത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | XV/590 |
| | XV/595F |
| മുതുവട്ടൂർ ബാലാമണിയമ്മ വനിത സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | XV/595G |
| | XV/595H |
| | IX/18(2), IX/18(3), IX/18(6), IX/18(7),<br>IX/18(8), IX/18(9), IX/18(10), IX/18(11),<br>IX/18(12), IX/18(13), IX/18(14), IX/18(15),<br>IX/18(16), IX/18(17), IX/18(18), IX/18(19),<br>IX/18(20), IX/18(21) |

ലേലം/പുനർലേലം എന്നിവ പല പ്രാവശ്യം നടത്തിയിട്ടും മേൽ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം കൗൺസിൽ വിശദമായി പരിശോധിക്കേണ്ടതും കടമുറികൾ ആവശ്യമെങ്കിൽ പരിഷ്കരിക്കേണ്ടതും ലേലനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.31/15.01.2024)

## 1-21 കുത്തകലേലം-അപാകതകൾ

കുത്തക ലേലം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു:
1) ടേക്ക് എ ബ്രേക്ക് – കംഫർട്ട് സ്റ്റേഷൻ, ജമാൽ എന്ന വ്യക്തി പ്രതിദിനം 1200/- രൂപയ്ക്ക് ഒരു വർഷത്തേക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. 2022-23 വർഷത്തിൽ 18500/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ - പ്രഷീന പി പി എന്നവർ 405000/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതും 2022-23 വർഷത്തിൽ ആകെ 401500/- രൂപ നഗരസഭയിലേക്ക് അടവാക്കിയിട്ടുള്ളതുമാണ്. എന്നാൽ ലേലം പ്രകാരം ആകെ അടവാക്കേണ്ട തുകയിൽ 3500/- രൂപ കുറവായാണ് അടവാക്കിയിട്ടുള്ളത്. ഇതേക്കുറിച്ച് അന്വേഷിച്ചപ്പോൾ നഗരസഭ ജീവനക്കാർ അറിയിച്ചത് ടി കംഫർട്ട് സ്റ്റേഷന് സമീപം ടേക്ക് എ ബ്രേക്ക് - കംഫർട്ട് സ്റ്റേഷൻ നഗരസഭ സ്ഥാപിച്ചതിനാൽ ടിയാൾക്ക് നഷ്ടം സംഭവിച്ചതിനാൽ ആണ് തുക അടവാക്കാതിരുന്നത് എന്നാണ്. തുക ഇളവ് ചെയ്യുന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാനം സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/15.01.2024) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. നഗരസഭയ്ക്ക് 231 കടമുറികളുണ്ട്. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി 14.02.2022 ലെ തീരുമാനം നം 13 പ്രകാരം കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം ലഭ്യമായിട്ടില്ല.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 572 പ്രകാരം സർക്കാർ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതു വരെ ബൈലോകളോ ചട്ടങ്ങളോ അവയുടെ ഏതെങ്കിലും റദ്ദാക്കലോ മാറ്റമോ പ്രാബല്യത്തിൽ വരില്ല എന്നത് വ്യക്തമാണ്. നാളിതുവരെ നഗരസഭ വസ്തുവകകളിൽ നിന്നും വാടക/ഫീസ് ഈടാക്കിയിരിക്കുന്നത് അംഗീകൃത ബൈലോയുടെ അഭാവത്തിലാണ്. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്നതിന്റെ കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ്

എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഹാളുകൾ/ഗ്രൗണ്ടുകൾ – ബൈലോ

മുട്ടിൽ കമ്മ്യൂണിറ്റി ഹാൾ & എൻ. വി. സോമൻ മെമ്മോറിയൽ ഹാൾ, ബസ് സ്റ്റാന്റ് ചത്വരം (With Or Without Stage), മുനിസിപ്പൽ സ്ക്വയർ (വസന്തം കോർണർ), ബസ് സ്റ്റാന്റ് പരിസരം ഹൈ മാസ്റ്റ് ലൈറ്റിന് സമീപം, സ്റ്റേഡിയം ഗ്രൗണ്ട് എന്നിവയിൽ നിന്നും നഗരസഭയ്ക്ക് വാടക ലഭ്യമാകുന്നുണ്ട്. വാടക ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

3. ക്രിമറ്റോറിയം-ബൈലോ

ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 568 പ്രകാരം ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 39/15.01.2024)

## 1-23 ബസ് സ്റ്റാൻഡ് ടെർമിലിനകത്തെ പരസ്യപ്രദർശനം – അപാകങ്ങൾ

1. ഫയൽ നം. ആർ2-598/14 – നഗരസഭ ബസ് ടെർമിനലിൽ കാജാ കമ്പനിക്ക് 01.08.2015 മുതൽ 31.07.2022 വരെയുള്ള 7 വർഷ കാലയളവിൽ പരസ്യം പതിക്കുന്നതിന് നൽകിയിട്ടുള്ള കാലാവധി അവസാനിച്ചതിനാൽ, ടി എഗ്രിമെന്റ് പുതുക്കി നഗരസഭയുടെ നിർദ്ദേശപ്രകാരമുള്ള അറ്റകുറ്റപണികൾ ചെയ്യുന്നതിനും, ടെർമിനലിനുള്ളിൽ എൽ.ഇ.ഡി ബൾബ് സ്ഥാപിച്ചും, മറ്റ് ആവശ്യങ്ങൾ മനസിലാക്കി കൊണ്ട് തുടർന്ന് പോകുവാൻ താൽപര്യമുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ, 29.10.2022 ലെ കൗൺസിൽ തീരുമാനപ്രകാരം, കാജാ കമ്പനിക്ക് 3 വർഷത്തേക്ക് പരസ്യം പതിക്കുന്നതിന് അനുമതി നൽകുന്നതിനും പരസ്യം പതിക്കുന്നതിന് പകരമായി ബസ് സ്റ്റാൻറിൽ മീറ്റർ ബോർഡിന് പ്രൊട്ടക്ഷൻ കൊടുത്തിരിക്കുന്ന ഗ്രില്ലിന് ലോക്ക്, ഗ്രിൽ പെയിൻറ് ചെയ്യൽ, ബസ് സ്റ്റാൻറ് ടെർമിനൽ പാത്തി മാറ്റി അറ്റകുറ്റപണികൾ നടത്തൽ, എൽ.ഇ.ഡി ബൾബ് പ്രകാശിപ്പിക്കൽ, മെയിൻറനൻസ്, വൈദ്യുതി ചാർജ്ജ് അടവാക്കൽ, ബസ് സ്റ്റാന്റിലെ പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. മേൽ തീരുമാനപ്രകാരമുള്ള നഗരസഭയുടെ ആവശ്യങ്ങൾ ടി കമ്പനി നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/15.01.2024) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ബസ് സ്റ്റാൻഡ് ടെർമിലിനകത്തെ ടിവി പരസ്യപ്രദർശനം, ഫീസ് പിരിവ് എന്നിവ മുസ്തഫ പള്ളത്ത് എന്ന വ്യക്തി ലേലം കൊണ്ടിട്ടുള്ളതാണ്. 23.02.2023 തീയതി മുതൽ സെപ്റ്റംബർ 2023 വരെ 2000 രൂപ വെച്ച് അടച്ചു വരുന്നുണ്ട്. 2000 + ജി എസ് ടി എല്ലാമാസവും അഞ്ചാം തീയതിക്ക് മുൻപായി അടവാക്കണം എന്നാണ് നഗരസഭാ സെക്രട്ടറിയുടെ 17.03.2023ലെ ആർ2-5814/22 നമ്പർ ഉത്തരവിൽ കൊടുത്തിട്ടുള്ളത്. എന്നാൽ ജിഎസ്ടി ഈടാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല. ജിഎസ്ടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 മൊബൈൽ ടവർ നിർമ്മാണപെർമ്മിറ്റ് അപാകങ്ങൾ

ഗുരുവായൂർ-പാലയൂർ ദേശത്ത് താമസിക്കുന്ന ഊട്ടുമഠത്തിൽ മുരളീധരൻ എന്നവരുടെ മകൾ രശ്മി എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എയർടെൽ മൊബൈൽ ടവർ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട് (BA-297/22-23 Dtd 15.02.2023). ചില സാങ്കേതിക കാരണങ്ങളാൽ ടവർ നിർമ്മാണവുമായി മുന്നോട്ടു പോകുന്നില്ലെന്നും ആയതിനാൽ അനുവദിച്ചിരുന്ന പെർമിറ്റ് റദ്ദാക്കുന്നതിനായും 05.07.2023 ൽ M/S ATC Telecom Infrastructure (P) Ltd എന്ന സ്ഥാപനം നഗരസഭയ്ക്ക് കത്ത് നല്കിയിട്ടുണ്ട്. പെർമിറ്റ് ക്യാൻസൽ ചെയ്യുന്ന എന്ന തീരുമാനം 04.08.2023 ന് സെക്രട്ടറി കൈക്കൊണ്ടിട്ടുണ്ട്. ടി മൊബൈൽ ടവറിന്റെ നിർമ്മാണം പെർമിറ്റ് റദ്ദ് ചെയ്തതിനുശേഷവും നടത്തി വരുന്നതായി വിവരാവകാശരേഖകളിൽ കണ്ടതിനെ തുടർന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവർ നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.34/15.01.2024)

## 1-25 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ടി വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 12/11.1.24) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിൽ 2021 ഏപ്രിൽ മാസം വരെ അടവാക്കിയിട്ടുള്ളതാണെന്നും, കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തനത് ഫണ്ടിലുണ്ടായ കുറവ് മൂലം ഇപ്പോൾ അടവാക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ നടപടി ക്രമപ്രകാരമല്ല, നഗരസഭാ സെക്രട്ടറിയെ സർക്കാർ സർവ്വീസിൽ നിന്നും നേരിട്ട് നിയമിക്കുന്നതിനാൽ സേവനത്തിന് പ്രതിഫലം മുനിസിപ്പൽ ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-26 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ചാവക്കാട് നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/11-1-24) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ തനതു ഫണ്ടിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നതെന്നും, ടി ആവശ്യത്തിലേക്കായി പുതിയ അക്കൗണ്ട് ആരംഭിക്കാനായി അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ ഫണ്ട് ഇനിയും രൂപീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കുന്നു. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-27 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 70,000 രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൗച്ചർ നം/ തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ശംഭു എസ്.ജെ JHI | 70/9-22/15-9-22 | 50000 | കെ.പി വൽസലൻ എൻഡോവ്മെന്റ് |
| 2 | ശംഭു എസ്.ജെ JHI | 103/3-22/29-3-22 | 20000 | സ്വച്ച് മിഷൻ -2023 സംഘാടനം |

ശ്രീ ശംഭു എസ്.ജെ 2023 ജൂൺ മാസത്തിൽ കൊല്ലം കോർപ്പറേഷനിലേക്ക് സ്ഥലം മാറി പോയിട്ടുള്ളതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16 തിയ്യതി 11/1/24) ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്നും അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി മുഖാന്തിരം മെമ്മോ നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ജി.ഒ(പി)419/11 ധന 4/10/11 കെ.എഫ്.സി അനുഛേദം 99 പ്രകാരം, താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാതെ ബാക്കി നില്ക്കുന്ന തുക സമയ പരിധിയ്ക്കകം തിരിച്ചടച്ചില്ലെങ്കിൽ കെ എഫ് സി വാല്യം 1 ആർട്ടിക്കിൾ 303 A പ്രതിവർഷം 18 ശതമാനം നിരക്കിൽ പലിശ ഈടാക്കണം. സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിയ്ക്കാതെ നില്ക്കുന്ന മുഴുവൻ മുൻകൂർ തുകയും പലിശ സഹിതം അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

## 1-28 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.ടി-5377, ബൊലറോ ജീപ്പ്, കെ.എൽ 46-ടി- 230 മാരുതി സ്വിഫ്റ്റ്, കെ.എൽ 46-വൈ-904 മാരുതി കെ.എൽ 46-യു-8617 ടാറ്റാ എയിസ്, കെ.എൽ.46 ടി 4340 ബൊലറോ ജീപ്പ്, കെ.എൽ46 എഫ് 7473, കെ.എൽ 46 9457 ട്രാക്ടറുകൾ എന്നിവയുടെ ലോഗ് ബുക്ക് റിപ്പയർ

രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിലെ കാർബൺ കോപ്പി വേർപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ഇന്ധനം നിറയ്ക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3)ഇന്ധനക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽ അത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നമ്പർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

5) മുനിസിപ്പാലിറ്റി ചട്ടം 4/1994 പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

വാഹന പരിപാലനം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.
വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-29 വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടിന്റെ മുഴുവൻ ചെലവുകളും സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ഐ.സി.ഡി.എസ്.സൂപ്പർവൈസർ - പ്രോജക്ട് നം.1/23 ചാവക്കാട് നഗരസഭ -അനുപൂരക പോഷകാഹാര പദ്ധതി (കേന്ദ്രാവിഷ്കൃത ഫണ്ട്) അടങ്കൽ ₹10,00,000/- രൂപയും ചെലവു തുക- പൂജ്യവുമാണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് ₹16,53,453/-യാണ്.
ചെലവു വിവരങ്ങൾ സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ് അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.1/07.01.24)

## 1-30 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അടങ്കൽ – 150000/- (വികസന ഫണ്ട് – ജനറൽ)
ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 186/23 ചാവക്കാട് നഗരസഭ - കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗ് എന്ന പ്രൊജക്ട് പ്രകാരം 1,50,000/-രൂപ (വൗച്ചർ നമ്പർ.22201076/26.11.22) വികസന ഫണ്ട് -ജനറൽ) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം എന്ന നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.2/07.01.2024)

## 1-31 അമൃതം ഫുഡ് ഉത്പന്ന വിതരണക്കാരനിൽ നിന്നും ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതി എന്ന പ്രോജക്ടിൽ (1/23) അമൃതം ഫുഡ് സപ്ലിമെന്റ്, ഒരുമ യൂണിറ്റ് മുല്ലശ്ശേരി പഞ്ചായത്ത്, പി.ഒ. പെരുവല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | വൗച്ചർ നം. | തിയതി |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | അമൃതം | 900 | 23.11.21 | 140070 | 3501.75 | 3501.75 | 147073.50 | 22200069 | 12.04.2022 |
| 2 | അമൃതം | 887 | 25.10.21 | 162190 | 4054.75 | 4054.75 | 170299.50 | | |
| 3 | അമൃതം | 764 | 22.12.21 | 162680 | 4067 | 4067 | 170814.00 | 2221071 | 21.05.2022 |
| 4 | അമൃതം | 766 | 14.01.22 | 138390 | 3459.75 | 3459.75 | 145309.50 | | |
| 5 | അമൃതം | 792 | 21.02.22 | 151165 | 3779.13 | 3779.13 | 158723.25 | | |
| 6 | അമൃതം | 656 | 14.03.22 | 116550 | 2913.75 | 2913.75 | 122377.50 | | |
| 7 | അമൃതം | 665 | 31.05.22 | 131565 | 3289.13 | 3289.13 | 138143.25 | 22201073 | 16.07.2022 |
| 8 | അമൃതം | 693 | 30.06.22 | 90300 | 2257.50 | 2257.50 | 94815.00 | | |
| 9 | അമൃതം | 567 | 05.08.22 | 106085 | 2652.13 | 2652.13 | 111389.25 | 22201076 | 19.10.2022 |
| 10 | അമൃതം | 570 | 04.09.22 | 87990 | 2199.75 | 2199.75 | 92389.50 | | |
| 11 | അമൃതം | 962 | 07.11.22 | 88410 | 2210.25 | 2210.25 | 92830.50 | 22201377 | 20.03.2023 |
| 12 | അമൃതം | 701 | 07.12.22 | 103635 | 2590.88 | 2590.88 | 108816.76 | | |
| 13 | അമൃതം | 718 | 07.01.23 | 89880 | 2247 | 2247 | 94374.00 | | |
| 14 | അമൃതം | 733 | 08.02.23 | 106330 | 2658.25 | 2658.25 | 111646.50 | 22201649 | 28.03.2023 |
| | | | | 16,75,240 | 41881.02 | 41881.02 | 17,59,002.04 | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, ഒരുമ യൂണിറ്റ് മുല്ലശ്ശേരി പഞ്ചായത്ത്, പി.ഒ. പെരുവല്ലൂർ, തൃശ്ശൂർഎന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപ്പന്നം വാങ്ങിയപ്പോൾ CGST, SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ആയി ടി സ്ഥാപനം കൃത്യമായി ജിഎസ് ടി അടവാക്കുന്നുണ്ടെന്നും അതിനാലാണ് ടിഡിഎസ് ഈടാക്കാതെ തുക അനുവദിച്ചതെന്ന് അറിയിച്ചു. എന്നാൽ CGST ആക്ട് 2017ലെ വകുപ്പ് 51(1)&. SGST ആക്ട് 2017ലെ വകുപ്പ് 51(1) എന്നിവയിലെ നിർദ്ദേശ പ്രകാരം ടിഡിഎസ് ഈടാക്കേണ്ടതാണ്.ഭാവിയിൽ ഈ സ്ഥാപനത്തിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.3/07.01.24)

## 1-32 വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം

നഗരസഭയിൽ നിലവിലുള്ള 359 പൊതുടാപ്പുകളുടെ 2022-23 ഏപ്രിൽ മാസത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും, (2,60,036) കുടിശ്ശികയും, (6,63,31,010) പിഴയും (13,01,099) സഹിതം 6,78,92,145 രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15 തിയ്യതി 11/1/24) മറുപടി ലഭ്യമാക്കിയിട്ടില്ല തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുകക്കുള്ള ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും, ആവശ്യമെങ്കിൽ ജലസേചന വകുപ്പിലേക്ക് കത്ത് നൽകി കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 കിഫ്ബി പ്രവൃത്തികളുടെ ഡിപിആർ തയ്യാറാക്കൽ-കൺസൾട്ടൻസി ഫീ നല്കിയതിലെ അപാകത

പ്രോജക്റ്റ് നം-269/23

അടങ്കൽ -5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് -92,000/-(വൗച്ചർ നം-22201523/30.03 2023)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

ചാവക്കാട് നഗരസഭ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന 76,93,000/- രൂപ അടങ്കലിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടി ഡിപിആർ

തയ്യാറാക്കുന്നതിന് കൺസൾട്ടൻസി ചാർജ്ജ് നല്കുന്നതിനുള്ള പ്രോജക്ടാണിത്. ആയതിനു വേണ്ടി റാം ബയോളജിക്കൽ എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. മേൽ സ്ഥാപനം അടങ്കൽ തുകയുടെ 2.3% മായ 1,76,939/- (ജിഎസ്റ്റി ഉൾപ്പടെ) രൂപയ്ക്കാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ഇതുപ്രകാരം 5310/- ജാമ്യത്തുക ഒടുക്കിയിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറും സ്ഥാപന സി ഇ ഒയുമായി 5.12.2022ൽ ചമച്ച എഗ്രിമെന്റ് പ്രകാരം ഉടമ്പടി ഒപ്പു വച്ച് മൂന്നു മാസത്തിനകം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നഗരസഭയ്ക്കു നല്കുന്നതിന് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ആയതിനാവശ്യമായ ജിയോ ടെക്നിക്കൽ സർവ്വേ റിപ്പോർട്ടുൾപ്പടെ ഡാറ്റ, ഡോക്യുമെന്റ്സ് മുതലായവ ആവശ്യാർത്ഥം നഗരസ്ഥാപനത്തിനു നല്കേണ്ടതാണെന്നും കരാറിൽ പറയുന്നു. സാങ്കേതികാനുമതി നല്കുന്നതിനുള്ള കമ്മിറ്റി അംഗീകരിച്ചിട്ടുള്ള അടങ്കൽ തുകയുടെ 2.3% (ജിഎസ്റ്റി ഉൾപ്പടെ) തുക ഡി പി ആർ തയ്യാറാക്കുന്നതിനു ചാർജ്ജായി നഗരസഭ സ്ഥാപനത്തിനു അനുവദിയ്ക്കണമെന്നും പ്രസ്തുത എഗ്രിമെന്റിൽ പറയുന്നു. ഡാറ്റാ കളക്ഷൻ, സർവ്വേ മുതലായവ കഴിയുന്ന മുറയ്ക്ക് കൺസൾട്ടൻസി ചാർജ്ജിന്റെ 10%വും, ഡിപിആർ സമർപ്പിയ്ക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി ചാർജ്ജിന്റെ 40%വും, പ്രസ്തുത ഡിപിആർ-ന് കിഫ്ബി ഡയറക്ടർ ബോർഡിന്റെ അംഗീകാരവും സാങ്കേതിക അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് 30% വും തുക നഗരസഭ സ്ഥാപനത്തിനു നല്കേണ്ടതാണ് എന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതി ടെണ്ടർ ചെയ്തു വർക്ക് ഓർഡർ നല്കുന്നമുറയ്ക്ക് 10% വും, കൺസൾട്ടൻസി ചാർജ്ജിന്റെ ശേഷിയ്ക്കുന്ന 10% തുക അവസാന ഗഡുവായി ഡിപിആർ പ്രകാരമുള്ള പദ്ധതി നിർവ്വഹണം പൂർണ്ണമായ ശേഷമോ ഒരു വർഷം കഴിഞ്ഞോ ഏതാണാദ്യം അപ്രകാരം എഗ്രിമെന്റ് പ്രകാരമുള്ള തുക നഗരസഭ സ്ഥാപനത്തിനു നല്കാനും കരാറിൽവ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിലവിൽ സ്ഥാപനം ഡ്രാഫ്റ്റ് ഡിപിആർ തയ്യാറാക്കി നല്കിയതായി ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 30.03.2023 ൽ 22201523-ാം നമ്പർ വൗച്ചർ പ്രകാരം 92,000/- രൂപ സ്ഥാപനത്തിനു നഗരസഭ നല്കിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കൺസൾട്ടൻസി ചാർജിന്റെ 50% തുകയായ 88,470/- രൂപയാണ് സ്ഥാപനത്തിനു നല്കേണ്ടത്. കരാറുടമ്പടിയ്ക്കു വിരുദ്ധമായി അധികം തുക നല്കാനുണ്ടായ സാഹചര്യം ആരാഞ്ഞതിലും പ്രവൃത്തിയുടെ അടങ്കലിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്ഥാപനത്തിന്റെയടുത്തു നിന്നു കൂടുതൽ ഈടാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരം അറിയിയ്ക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു (41/15.01.2024) ലഭ്യമാക്കിയ മറുപടിയിൽ ചാവക്കാട് നഗരസഭയുടെ റിക്വയർമെന്റിനനുസരിച്ച് ഓഡിറ്റോറിയം കപ്പാസിറ്റി 120pax, ക്രിമറ്റോറിയം സ്പേസ്, കിയോസ്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റെക്കോർഡ്സ് സ്റ്റോർ, പർക്കിംഗ്, സെക്യൂരിറ്റി/കെയർ ടേക്കർ റൂം,വിസിറ്റേഴ്സ് ലോഞ്ച്, റൂംസ് വിത്ത്ടോയ്ലറ്റ്, കോമൺ ടോയ്ലറ്റ്, ലാന്റ്സ്കേപ്പ് കോർട്ട് തുടങ്ങി ഡിസൈനിൽ മാറ്റം വരുത്തിയത് മൂലമാണ് എസ്റ്റിമേറ്റ് തുക കൂടുതൽ വന്നത് എന്നറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം ഡ്രാഫ്റ്റ് ഡിപിആർ തയ്യാറാക്കുകയും ഡ്രാഫ്റ്റ് ഡിപിആർ പ്രസന്റേഷൻ ചെയ്തിട്ടുള്ളതുമാണെന്നും ടൈം എക്സ്റ്റെൻഷൻ ആയി സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ് എന്നറിയിച്ചിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി (41/15.01.2024) യെ തുടർന്ന് അധിക ജാമ്യത്തുക ഈടാക്കി ഒടുക്കു വിവരം ഓഡിറ്റിനെ അറിയിയ്ക്കുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഫൈനൽ ഡിപിആർ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിനായി Location Certificate, Ownership Certificate, Survey Sketch, Land Tax Receipt, തുടങ്ങിയവയ്ക്കായി വില്ലേജ് ഓഫീസിലേയ്ക്ക് കത്തു നല്കി തുടർ നടപടി സ്വീകരിച്ചു വരുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം മറുപടി നല്കിയെങ്കിലും ഡ്രാഫ്റ്റ് ഡിപിആർ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തുക കൂട്ടിയ ഡിപിആർ കിഫ്ബി അംഗീകരിച്ച രേഖകൾ എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.
സമയബന്ധിതമായി ഫൈനൽ ഡിപിആർ തയ്യാറാക്കുന്നതിനും കരാറുടമ്പടി പ്രകാരം മാത്രം കൺസൾട്ടൻസി ചാർജ്ജ് നല്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 നഗരസഭയിലേയ്ക്ക് പുതിയ വാഹനം വാങ്ങിയതിന്റെ ഇൻഷൂറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

**പ്രോജക്ട് : 220/23**

**ചാവക്കാട് നഗരസഭയിലേയ്ക്ക് വാഹനം വാങ്ങൽ**

നിർവ്വഹണോദ്യോഗസ്ഥൻ: നഗരസഭ സെക്രട്ടറി

ഫണ്ട് വിവരം: വികസന ഫണ്ട് (പൊതു വിഭാഗം)

അടങ്കൽ: ₹13,00,000

ചെലവ്: ₹10,77,988

വൌച്ചർ നമ്പർ: 22201689/15.03.23
തുക: ₹9,93,398/-

22201691/13.02.23
തുക: ₹44,426/-

22201705/15.03.23
തുക: ₹40164/-

തനത് ഫണ്ട് വൌച്ചർ

വൌച്ചർ നമ്പർ: 22201148/30.01.23
തുക:₹33251/-

ഫയൽ നം.E3-9340/22

നഗരസഭയിലേയ്ക്ക് പുതിയ വാഹനം (KL-46Y0904 – മാരുതി സുസൂക്കി XL6 (ZETA) വാങ്ങിയതിന്റെ ഇൻഷുറൻസ് ചെയ്തിരിക്കുന്നത് തനത് ഫണ്ട് പ്രയോജനപ്പെടുത്തി (വൌച്ചർ നമ്പർ: 22201148/30.01.23 തുക: ₹33251/-) ICICI LOMBARD GENERAL എന്ന സ്വകാര്യ ഇൻഷൂറൻസ് കമ്പനിയിലാണ്. 18.04.2000ലെ സർക്കാർ ഉത്തരവ് (പി)നം.819/2000/ധന. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷൂർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞ വിധം സ്വകാര്യ ഇൻഷൂറൻസ് കമ്പനിയിൽ വാഹനം ഇൻഷൂർ ചെയ്യുക വഴി, സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.43/15.01.24)

## 1-35 പട്ടികജാതി വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണം

**പ്രോജക്ട് : 317/2023**
**പട്ടികജാതി വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണം**

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ

ഫണ്ട് വിവരം : വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ : ₹2,40,0000

ചെലവ് : ₹12,70,175

പ്രോജക്ട് പ്രകാരം നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട 16 ഗുണഭോക്താക്കൾക്ക് 1½ ലക്ഷം വീതം ധനസഹായ വിതരണം നടത്തുന്ന പ്രോജക്ടിൽ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുള്ളതാണ്. പ്രോജക്ടു പ്രകാരം എസ്റ്റിമേറ്റ് തുകയുടെ പകുതി മുൻകൂറായും (പരാമാവധി:₹75,000) ബാക്കി ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലും അനുവദിക്കുന്നു.

| ക്രമ നം | വൌച്ചർ നമ്പർ | തിയതി | തുക |
|---|---|---|---|
| 1 | 22201590 | 17.02.2023 | 9,27,548 |
| 2 | 22201673 | 28.03.2023 | 1,93,070 |
| 3 | 22201619 | 29.03.2023 | 75,000 |
| 4 | 22201618 | 31.03.2023 | 74,557 |
| ആകെ | | | 12,70,175 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.4/08.01.2023)

**1-35-1 കെട്ടിടത്തിന്റെ കാലപഴക്കം കാണിക്കുന്ന രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022 തിയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ ഖണ്ഡിക:6.7-4 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ടു വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്, എന്നാൽ പ്രോജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെപറയുന്ന 16 ഗുണഭോക്താക്കളുടെയും വീടുകളുടെ കാലപ്പഴക്കം കാണിക്കുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. കാലപ്പഴക്കം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 4/08.01.2024 നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി, കെ-സ്മാർട്ട് ആപ്ലിക്കേഷൻ നിലവിൽ വന്നതു മൂലം, വസ്തുനികുതിയും കെട്ടിടങ്ങളുടെ 'അസസ്സ്മെന്റും' സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ ലഭ്യമാകുന്നില്ലെന്നും, സോഫ്റ്റ് വെയർ IKM ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ കാലപ്പഴക്കം കാണിക്കുന്ന രേഖ പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് അറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | വീട്ടു നമ്പർ |
|---|---|---|
| 1 | ഓമന പുളിഞ്ചേരി വീട്, തിരുവത്ര | 3/207 |
| 2 | ജിഷ ഷാജി പാലറ ഹൗസ്, പുന്ന | 6/225 |
| 3 | അശോകൻ, കോറോട്ട് വീട് | 9/112 |
| 4 | സുനിത.ടി.ടി. കണ്ണേകലത്ത് വീട്, പാലയൂർ | 13/209 |
| 5 | ശാന്ത മനയംപറമ്പിൽ, പാലയൂർ | 14/322 |
| 6 | സരോജനി ഓവാട്ട് വീട് | 15/604 |
| 7 | ലക്ഷ്മി കുനംപുറത്ത്, തെക്കഞ്ചേരി | 16/843 |
| 8 | കമല്യ, കഴക്കേക്കര, കോഴിക്കുളങ്ങര | 17/60(1) |
| 9 | ദേവയാനി, കണ്ണേങ്കലത്ത് | 20/5/A |
| 10 | സുബിത പെന്മാട്ട്, മണത്തല | 22/174 |
| 11 | നിധിൻകുമാർ.വി.യം, വട്ടേൻക്കായിൽ, മണത്തല | 24/121 |
| 12 | പി.കെ. മോഹനൻ, പരപ്പിൽ, മണത്തല | 26/126 |
| 13 | കമല,പരപ്പിൽ, മണത്തല | 27/164(1) |
| 14 | സിന്ധു, പുന്ന വീട്, തിരുവത്ര | 31/5(1) |
| 15 | കോരാപ്പ, ഓവത്ത് വീട്, | വീട്ടുനമ്പർ |

| | | |
|---|---|---|
| | തിരുവത്ര | ലഭ്യമാക്കിയിട്ടില്ല |
| 16 | തങ്കമണി, കവല വീട്, മണത്തല | 18/308 |

മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-35-2 മുൻകൂർ കൈപ്പറ്റി നാളുകളേറെയായിട്ടും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല**

താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ ധനസഹായത്തിന്റെ മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | വിതരണ രജിസ്റ്ററിലെ ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരു വിവരം | നാളിതു വരെ കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|---|
| 1 | 6 | സരോജിനി ഓവാട്ട് വീട്, വീട്ടു നമ്പർ 15/604 | 75,000 | 22201590/ 17.02.2023 |
| 2 | 7 | ലക്ഷ്മി കുനംപുറത്ത്, തെക്കഞ്ചേരി, വീട്ടു നമ്പർ 16/843 | 44,569 | 22201590/ 17.02.2023 |
| 3 | 9 | ദേവയാനി, കണ്ണേങ്കലത്ത്, പുലിച്ചിറക്കെട്ട്, വീട്ടു നമ്പർ 20/5/A | 40,053 | 22201590/ 17.02.2023 |
| 4 | 13 | കമല,പരപ്പിൽ, മണത്തല വീട്ടു നമ്പർ:27/164(1) | 75,000 | 22201590/ 17.02.2023 |

ഇതു സംബന്ധിച്ച് നല്കിയ 4/08.01.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് ഗുണഭോക്താക്കളോട് ഭവനപുനരുദ്ധാരണം പൂർത്തീകരിയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ്. ഭവനപുനരുദ്ധാരണം പൂർത്തീകരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, ഭവനപുനരുദ്ധാരണം പൂർത്തീകരിയ്ക്കാൻ തയ്യാറാകാത്ത പക്ഷം മുൻകൂർ നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും, വിവരം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

**1-36 സാക്ഷരത തുല്യത പഠനസഹായം - പഠിതാക്കൾ ക്ലാസിൽ ഹാജരായതിന്റെയോ, പരീക്ഷ എഴുതിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല**

**പ്രോജക്ട് : 28/2023**

**ചാവക്കാട് നഗരസഭ - സാക്ഷരത തുല്യത പഠനസഹായം**

നിർവ്വഹണോദ്യോഗസ്ഥൻ: നഗരസഭ സെക്രട്ടറി

ഫണ്ട് വിവരം: വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം)

അടങ്കൽ: ₹2,00,000

ചെലവ്: ₹76,150

വൌച്ചർ നമ്പർ: 22201601/16.03.23

ഫയൽ നം.G5-6873/21

പ്രോജക്റ്റ് പ്രകാരം പത്താം തരം തുല്യതയ്ക്ക് 9 പേർക്ക് ₹1850/- വീതം ₹16,650/- ഉം, ഹയർസെക്കണ്ടറി ഒന്നാം വർഷത്തിലേയ്ക്ക് 15 പേർക്ക് ₹2500/- വീതം ₹37,500/- ഉം, ഹയർസെക്കണ്ടറി രണ്ടാം വർഷത്തിലേയ്ക്ക് 10 പേർക്ക് ₹2200/- വീതം ₹22,000/-ഉം ഉൾപ്പെടെ ആകെ ₹76,150 ചെലവഴിച്ചിട്ടുള്ളതും, ഹയർസെക്കണ്ടറി വിഭാഗം തുല്യതയുടെ തുകയായ ₹59,500, കേരള സ്റ്റേറ്റ് ലിറ്ററസി മിഷന്റെ യൂക്കോ ബാങ്ക് തിരുവനന്തപുരം മെയിൻ ബ്രാഞ്ചിലുള്ള 02880100113107 നമ്പർ അക്കൌണ്ടിലേയ്ക്കും പത്താം തരം തുല്യതയുടെ തുകയായ ₹16,650/- കേരള സ്റ്റേറ്റ് ലിറ്ററസി മിഷന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാസ്തമംഗലം ശാഖയിലുള്ള 57026996123 നമ്പർ അക്കൌണ്ടിലേയ്ക്കും കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഗുണഭോക്താക്കൾ 'കോണ്ടാക്റ്റ് ക്ലാസ്സിന്' ഹാജരായതിന്റെയോ, പരീക്ഷ എഴുതിയതിന്റെയോ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 9/11-01-2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഠിതാക്കൾ കോഴ്സിന് ചേർന്ന് പഠിച്ചതിന്റെയും, പരീക്ഷ എഴുതിയതിന്റെയും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച ₹ 76150/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ചതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

**പ്രോജക്റ്റ് : 363/2023**

**ജലസംരക്ഷണം ചാവക്കാട് നഗരസഭ – ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനാവശ്യമായ തുക കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ചെയ്യൽ**

നിർവ്വഹണോദ്യോഗസ്ഥൻ: നഗരസഭ സെക്രട്ടറി

ഫണ്ട് വിവരം: ധനകാര്യ കമ്മീഷൻ അവാർഡ്

അടങ്കൽ: ₹1,18,000

ചെലവ്: ₹1,18,000

വൌച്ചർ നമ്പർ: 22201404/23.03.23

ഫയൽ നം.E3-13769/22

പ്രോജക്റ്റ് പ്രകാരം, ചാവക്കാട് നഗരസഭയിലെ ഉപയോഗിക്കാതെ കിടക്കുന്ന 71 പൊതു ടാപ്പുകളുടെ വിച്ഛേദിക്കൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ₹1,18,000/- അടവാക്കുന്നതിനായി 16.08.22-ലെ A6/6896/2015 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (പി.എച്ച്. ഡിവിഷൻ) ചെമ്പുക്കാവ്, തൃശ്ശൂർ ആവശ്യപ്പെട്ടതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശ്ശൂർ മെയിൻ ബ്രാഞ്ചിലുള്ള 31733094112 നമ്പർ അക്കൌണ്ടിലേയ്ക്ക് ₹1,18,000/- 12.12.22ന് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. 71 പൊതു ടാപ്പുകളുടെ വിച്ഛേദിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും വിവരങ്ങളും, 71 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കി കിട്ടിയതുസംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 23/12.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതു ടാപ്പുകളുടെ വിച്ഛേദിക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും,പൊതു ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കി കിട്ടിയതുസംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച ₹118000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി – ധനസഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ

**ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്**

പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയുടെ ഡി.പി.ആർ. രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1, 2, 3 ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 1 മുതൽ 4 വരെ ഡി.പി.ആർ-കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നമ്പർ | ഡിവിഷൻ നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനത്തെ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | രമണി കാട്ടിശ്ശേരി | 1 | 4 | 1,50,000 | 30.05.2017 |
| 2 | നഫീസ, കരക്കലകത്ത് | 1 | 5 | 2,70,000 | 23.06.2017 |
| 3 | ബീരാവുണ്ണി കിടശ്ശേരി | 1 | 24 | 2,70,000 | 15.06.2017 |
| 4 | പുഷ്പ പട്ടപറമ്പിൽ | 1 | 25 | 2,70,000 | 05.08.2017 |
| 5 | സരോജിനി കരിമ്പച്ചൻ | 1 | 28 | 2,55,000 | 31.12.2021 |
| 6 | ഖദീജ.സി.എം. ചക്കീരൻ | 1 | 16 | 2,70,000 | 16.06.2018 |
| 7 | ഷാജിമ നൗഷാദ് ഇടശ്ശേരി | 1 | 24 | 2,70,000 | 23.06.2017 |
| 8 | റാഫി ഇടശ്ശേരി | 1 | 24 | 2,70,000 | 15.06.2017 |
| 9 | ഹഫ്സ അബൂബക്കർ ചാലിൽ വീട് | 1 | 28 | 2,70,000 | 11.10.2017 |
| 10 | അഫ്സത്ത് ചെമ്മാക്കൽ | 1 | 2 | 2,70,000 | 25.09.2018 |
| 11 | ഷാജിത വെളിയങ്കോട് | 1 | 2 | 2,00,000 | 22.07.2019 |
| 12 | നൂർജഹാൻ.സി.എച്ച്. ചാക്കര | 1 | 24 | 1,90,000 | 29.04.2020 |
| 13 | സിന്ധു ആലുങ്ങൽ താഴത്ത് | 1 | 28 | 2,00,000 | 10.08.2021 |
| 14 | നളിനി നരിയാംമ്പുള്ളി | 1 | 21 | 3,60,000 | 19.11.2022 |
| 15 | ഗീത വെങ്കാലത്ത് | 1 | 2 | 1,90,000 | 13.01.2020 |
| 16 | രജിത സി.എം. തിരുവത്ര | 1 | 5 | 3,60,000 | 19.11.2022 |
| 17 | സിന്ധു ചന്ദ്രശേഖരൻ തിരുവത്ര | 1 | 31 | 3,60,000 | 22.07.2019 |
| 18 | റംല ചാക്കര വീട് | 1 | 24 | 3,60,000 | 25.09.2021 |
| 19 | ബീവു സി.പി. ചാലിൽ | 1 | 30 | 2,00,000 | 16.03.2020 |
| 20 | ലത കരിക്കാട്ട് | 1 | 25 | 40,000 | 22.02.2019 |
| 21 | കബീർ ആലുങ്ങൽ | 2 | 32 | 1,90,000 | 19.02.2020 |
| 22 | സുന്ദർലാൽ മഞ്ഞക്കാട്ട് | 2 | 5 | 3,50,000 | 27.09.2019 |

| | | | | | |
|---|---|---|---|---|---|
| 23 | സറീന പണിക്കവീട്ടിൽ | 2 | 28 | 30,000 | 25.07.2018 |
| 24 | രമ പറപ്പിൽ വീട് | 2 | 27 | 30,000 | 07.08.2018 |
| 25 | എം.എൽ.ജോസഫ് മാറോക്കി | 2 | 9 | 30,000 | 22.08.2018 |
| 26 | സതി. എൻ. എ. പൊന്നാരശ്ശേരി | 2 | 21 | 30,000 | 22.08.2018 |
| 27 | റംലത്ത് ചിങ്ങനത്ത് വീട് | 2 | 32 | 3,60,000 | 03.07.2020 |
| 28 | സഫിയ ചിന്നക്കൽ വീട് | 2 | 2 | 3,60,000 | 19.11.2022 |
| 29 | സാവിത്രി മേനോത്ത് | 2 | 27 | 3,60,000 | 19.11.2022 |
| 30 | ഉഷ.കെ.സി. ചെത്തിപ്പാറ | 2 | 22 | 1,90,000 | 07.08.2019 |
| 31 | ഷാമില. സി.എ. ചിന്നക്കൽ | 2 | 2 | 1,90,000 | 17.05.2019 |
| 32 | ശ്രീദേവി. വി.കെ. പാടപറമ്പിൽ | 2 | 4 | 3,60,000 | 03.072020 |
| 33 | സംപ്രീത, ചള്ളിയിൽ | 2 | 4 | 3,50,000 | 17.12.2022 |
| 34 | താര എം.എസ്. തറയിൽവീട് | 2 | 27 | 3,10,000 | 19.02.2019 |
| 35 | ജാനകി കിഴക്കര വീട് | 2 | 25 | 3,50,000 | 18.06.2020 |
| 36 | ബിജിമോൾ.പി.വി. പെരിങ്ങാടൻ | 2 | 10 | 2,00,000 | 12.02.2021 |
| 37 | ചിത്ര കാഞ്ഞിരപ്പറമ്പിൽ | 2 | 2 | 30,000 | 11.10.2017 |
| 38 | സഫിയ പുത്തൻപുരയിൽ വീട് | 2 | 1 | 3,60,000 | 19.11.2022 |
| 39 | ജഗത താണിശ്ശേരി | 2 | 1 | 30,000 | 27.12.2018 |
| 40 | രേഷ്മ ചന്ദിരുത്തിൽ | 2 | 4 | 3,60,000 | 19.11.2022 |
| 41 | ബേബി കായൽ വളപ്പിൽ | 2 | 24 | 30,000 | 27.12.2018 |
| 42 | സുറാബി കണ്ണൻകളത്ത് | 2 | 27 | 3,60,000 | 21.11.2022 |
| 43 | ടി.പി. താജ്ജുദീൻ തായ്കണ്ടിപറമ്പിൽ | 2 | 15 | 2,00,000 | 27.07.2019 |
| 44 | ശങ്കരൻ വടക്കുംതല | 2 | 19 | 1,90,000 | 26.07.2019 |
| 45 | കമലു പണിക്കൻ വീട് | 2 | 27 | 3,50,000 | 22.11.2019 |
| 46 | സുഹറ കെ, കരിമ്പി | 2 | 32 | 3,60,000 | 19.11.2022 |
| 47 | സാഫിറ മേത്തി വീട് | 2 | 1 | 3,50,000 | 03.07.2020 |
| 48 | ലീല വാക്കയിൽ വീട് | 2 | 9 | 3,60,000 | 23.09.2020 |
| 49 | മണി ചക്കാലപ്പുറത്ത് | 2 | 14 | 3,60,000 | 18.06.2020 |

| | | | | | |
|---|---|---|---|---|---|
| | വീട് | | | | |
| 50 | ഖദീജ റൂബീന ഇടക്കഴിയൂർകാരൻ | 2 | 30 | 3,60,000 | 09.09.2021 |
| 51 | ഷംസീന. കെ.എസ്. നെടുംമ്പറമ്പിൽ വീട് | 2 | 9 | 3,60,000 | 16.03.2020 |
| 52 | ഹിജറാബി. കെ.എ. കറപ്പംവീട്ടിൽ | 2 | 14 | 3,60,000 | 24.08.2020 |
| 53 | ഉമ്മുക്കുലുസു ചാലിയത്ത് വീട് | 2 | 20 | 3,60,000 | 11.02.2020 |
| 54 | ആസിയ റസാക്ക് മുക്കിയത്ത് കറപ്പംവീട്ടിൽ | 2 | 4 | 2,00,000 | 09.01.2020 |
| 55 | പ്രേമ തറയിൽ | 2 | 31 | 3,60,000 | 11.02.2021 |
| 56 | സജന പാണാട്ടുവീട്ടിൽ | 2 | 32 | 2,00,000 | 01.06.2019 |
| 57 | ജമീല പേല വീട് | 2 | 22 | 40,000 | 24.05.2019 |
| 58 | അശ്വതി പെരിങ്ങാടൻ | 2 | 7 | 2,60,000 | 16.04.2021 |
| 59 | സജല.കെ.എ. കറപ്പംവീട്ടിൽ | 2 | 12 | 3,60,000 | 11.05.2020 |
| 60 | രാധ.സി. ചിറയത്ത് വീട് | 2 | 6 | 3,60,000 | 17.12.2022 |
| 61 | കാർത്ത്യായനി പെന്മാട്ട് വീട് | 2 | 22 | 3,60,000 | 29.04.2020 |
| 62 | രാഹുൽ.കെ.ബി. കപ്പിയാരത്ത് | 2 | 24 | 2,00,000 | 25.09.2021 |
| 63 | സൈനബ പുതുവീട്ടിൽ | 2 | 16 | 40,000 | 26.07.2019 |
| 64 | റഹമത്ത് മേത്തി വീട് | 2 | 30 | 3,60,000 | 23.09.2020 |
| 65 | സുലേഖ പുതുവീട്ടിൽ | 2 | 16 | 40,000 | 27.09.2019 |
| 66 | സുബൈദ മനാഫ് കോഴികൊട്ടാളൻ | 2 | 32 | 2,00,000 | 22.12.2020 |
| 67 | യശോദ വെങ്ങാലത്ത് | 2 | 2 | 3,60,000 | 08.07.2021 |
| 68 | ഷീല കുർക്കപറമ്പിൽ | 2 | 30 | 3,60,000 | 10.05.2021 |
| 69 | റുക്കിയ പടിഞ്ഞാറയിൽ വീട് | 2 | 24 | 3,60,000 | 18.01.2021 |
| 70 | ഖാലിഷ.എ.കെ. ആലിപ്പിരി | 2 | 28 | 3,60,000 | 22.12.2020 |
| 71 | സുനിത കോളാടി വീട് | 2 | 9 | 40,000 | 03.07.2020 |
| 72 | ഹസീന മുത്താംമ്പുള്ളി | 2 | 27 | 3,60,000 | 22.12.2020 |
| 73 | ഫസലത്ത് തൊണ്ടൻകേരൻ | 2 | 32 | 3,60,000 | 10.08.2021 |
| 74 | ഷെഹീറ മംഗലശ്ശേരി | 2 | 31 | 3,60,000 | 25.09.2021 |

| | | | | | |
|---|---|---|---|---|---|
| 75 | ഫാത്തിമ വലിയപുരയ്ക്കൽ | 2 | 28 | 3,60,000 | 14.09.2021 |
| 76 | ജാസ്മിൻ.എം.എച്ച് മാടപ്പൻ വീട് | 3 | 20 | 1,50,000 | 17.05.2019 |
| 77 | ഷഹാന എം.എം. മേത്തി വീട് | 3 | 26 | 3,60,000 | 19.11.2022 |
| 78 | ഫൗസിയ കേരംതാക്കത്ത് വീട് | 3 | 29 | 3,60,000 | 19.11.2022 |
| 79 | കോമള കണ്ടാരശ്ശേരി | 3 | 24 | 3,60,000 | 19.11.2022 |
